നം. കെ.എസ്.എ.കെ.റ്റി.എം.പി14-223/19 തീയതി. 06.03.2019

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.05.2017 മുതൽ 31.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. 1.05.2017മുതൽ 31.12.18 വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 28.02.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ** |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2019 മുതൽ 28.02.2019 വരെ | |
| | ശ്രീമതി.ഇന്ദുലേഖ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രഞ്ജിത്ത്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഇന്ദിര രാധാകൃഷ്ണൻ | 01.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.സുരേഷ് ബാബു പി. | 01.04.2017–29.06.17 |
| | ശ്രീ.തോമസ്.റ്റി.പുൽത്തകിടി (സെക്രട്ടറി ഇൻ ചാർജ്ജ്) | 30.06.17-31.07.17 |
| | ശ്രീ.സുരേഷ് ബാബു പി. | 1.08.17-13.09.17 |
| | ശ്രീ.തോമസ്.റ്റി.പുൽത്തകിടി (സെക്രട്ടറി ഇൻ ചാർജ്ജ്) | 14.09.17-19.09.17 |
| | ശ്രീ.സുരേഷ് ബാബു പി. | 20.09.17-31.03.18 |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി മഞ്ചുദേവി യു.ആർ. | 01.04.17 - 31.03.18 |
| ഹെഡ്മാസ്റ്റർ | ശ്രീമതി കെ.ജി.സുജാത | 01.04.17 - 31.3.18 |
| വെറ്ററിനറി സർജൻ | ഡോ.സ്മിത.എൻ.എഫ് | 01.04.17 - 31.3.18 |
| വി.ഇ.ഒ | ശ്രീ.ജയപ്രകാശ് എൻ | 1.04.17-31.03.18 |
| | ശ്രീ.അരുൺ പിള്ള | 01.04.17-13.06.17 |
| | ശ്രീ.ബിനു ഡാർവിൻ | 14.06.17-31.03.18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ദിവ്യ ജോർജ് | 01.04.2017-31.03.18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി പി.ജി. | 01.04.17-19.12.17 |
| | അന്ന.കെ.ഒ | 20.12.2017-31.03.18 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.സീനിയ പി.കെ. | 01.04.17-31.07.17 |
| | ഡോ.പത്മനാഭൻ.ഇ.ജി. | 01.08.2017-31.03.18 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജെയിംസ് ജോർജ് | 01.04.17-7.12.17 |
| | ശ്രീ.ഹരിലാൽ | 8.12.2017-31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷിഹാബുദ്ദീൻ ടി.എസ് | 01-4-17 - 31-3-18 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്& പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |

| | |
|---|---|
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വസ്തുനികുതി |
| 2-2-1 | ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3 | ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി ഈടാക്കിതിലെ അപാകതകൾ |
| 2-4 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണം |
| 2-5 | ഇ- ടെൻഡർ – ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ |
| 3-2 | തെരുവ് വിളക്കുകൾ- കണക്ഷൻ വിഛേദിയ്ക്കുന്നത് – തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല |
| 3-3 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ അപാകതകൾ |
| 3-4 | പനയ്ക്കപ്പാലം എസ്.സി വനിതാ വിപണനകേന്ദ്രം- പണി പൂർത്തീകരിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 3-5 | പൊളിച്ചുമാറ്റിയ സാധനങ്ങൾ – ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല |
| 3-6 | പ്ലാശനാൽ ഗവ.എൽ.പി സ്കൂളിന് കുടിവെള്ളം ലഭ്യമാക്കൽ- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ |
| 3-7 | അങ്കണവാടി നിർമ്മാണം – തുടർനടപടികൾ സ്വീകരിച്ചിട്ടില്ല |
| 3-8 | ആശ്രയ പദ്ധതി- അവലോകനം |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

| | |
|---|---|
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 19.01.2018 തിയതിയിലെ 9(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം കൂടുതൽ | കുറവ് | ശതമാനം (+/_) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 5251342 | 7096081.72 | 1,844739.72 | - | 35.12 |
| വരവ് | 57494000 | 31999822 | - | 25494178 | 44.34 |
| ആകെ | 62745342 | 39095903.72 | - | 23649438 | 37.69 |
| ചെലവ് | 59032050 | 35183239 | - | 23848811 | 40.39 |
| നീക്കിയിരിപ്പ് | 3713292 | 3912664.72 | 199372.72 | | 5.36 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 19.05.2018 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20.06.18-21.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 27.01.2018ലെ കെ.എസ്.എ.കെ.ടി.എം പി14/1198/2018 നമ്പറായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7096081.72 |
| വരവ് | 31999822 |
| ആകെ | 39095903.72 |
| ചെലവ് | 35183239 |
| നീക്കിയിരിപ്പ് | 3912664.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7229924 | 7229924 | 7229924 | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 1429611 | 1429611 | 1429611 | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 125100 | 125100 | 125100 | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3895838 | 3895838 | 3895838 | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2807581 | 2807581 | 2807581 | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4540441 | 4540441 | 4540441 | | |
| MGNREGS | 1714 | 510614 | 512328 | 506170 | 6158 | 98.79 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 1045 | 34805 | 35850 | 34800 | 1050 | 99.98 |
| ബി ഫണ്ട് | 0 | 17624560 | 17624560 | | | |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18ലേത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ്

(എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15-5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.02.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി -490/17-/DPC/DPO/KTM തീയതി 24.02,2018

ആകെ അടങ്കൽ 26261945

<u>വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും</u>

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 18 | 17 | 3243480 | 2843187 | 87 |
| | സേവനം | 48 | 39 | 9610716 | 7387082 | 76 |
| | പശ്ചാത്തലം | 63 | 48 | 11390949 | 9278114 | 81 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | ഉത്പാദനം | 1 | 1 | 178200 | 100072 | 56 |
| | സേവനം | 10 | 7 | 1667600 | 1370394 | 82 |
| | പശ്ചാത്തലം | | | -- | --- | |
| റ്റി.എസ്.പി | ഉത്പാദനം | | | ---- | ---- | |
| | സേവനം | 3 | 3 | 171000 | 125100 | 73 |
| | പശ്ചാത്തലം | | | --- | --- | --- |
| | ആകെ | 143 | 115 | 26261945 | 21103949 | 80 |

ആകെ 115 പ്രോജക്റ്റുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 28 പ്രോജക്റ്റുകൾ ഉപേക്ഷിച്ചു. 80 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**</u>

അംഗീകാരം ലഭിച്ച 143പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 10 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 7 | 7 | 700580 | 595823 | 85 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 1089000 | 1023820 | 94 |
| 3. | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 3 | 3 | 550000 | 550000 | 100 |
| 4. | വി.ഇ.ഒ. | 18 | 14 | 3430666 | 2796928 | 81 |
| 5. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 450000 | 450000 | 100 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 4 | 4 | 1998909 | 1737087 | 86 |
| 7 | സെക്രട്ടറി | 15 | 15 | 2037625 | 1797157 | 88 |
| 8 | അസിസ്റ്റന്റ് | 85 | 64 | 15162565 | 11380874 | 75 |

| | | | | | | |
|---|---|---|---|---|---|---|
| | എഞ്ചിനീയർ | | | | | |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 125000 | 125000 | 100 |
| 10 | ഹെഡ്മിസ്ട്രസ് | 5 | 5 | 717600 | 647250 | 90 |
| | ആകെ | 143 | 115 | 26261945 | 21103949 | 80 |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ, നെൽകൃഷിയ്ക്ക് കൂലിചെലവ് എന്നീ പ്രോജക്ടുകൾ മാത്രമാണ് 2017-18 വർഷവും നടപ്പിലാക്കിയിട്ടുള്ളത്. കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, പേവിഷബാധ നിയന്ത്രണം ബോധവൽക്കരണക്ലാസ് മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡി.ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദ്ദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്ന നിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ നിർവ്വഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാര വിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോധ്യപ്പെട്ടു.

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ ലാപ്ടോപ്പ് നൽകൽ, സൈക്കിൾ വാങ്ങി നൽകൽ, സ്കൂളുകൾക്ക് കസേര വാങ്ങൽ എന്നിവയായിരുന്നു. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം,വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നത്. ഇവയിൽ സ്ട്രീറ്റ്ലൈൻ വലിക്കുന്നതിനായി ഇലക്ട്രിസിറ്റിബോർഡിലേക്കുള്ള നിക്ഷേപപ്രവൃത്തികൾ, എസ്.എസ്.എ വിഹിതം, ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റനൻസ് തുടങ്ങിയ പ്രോജക്ടുകളാണ് സെക്രട്ടറി നിർവ്വഹിച്ചത്.

പട്ടികജാതി പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

**പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ**

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 85പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിൽ 64എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 15162585-രൂപ വകയിരുത്തിയതിൽ 11380874/- രൂപ ചെലവഴിച്ചിട്ടുണ്ട് (75%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിംഗിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 85പ്രവൃത്തികളിൽ 70%പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഒൻപത് അംഗൻവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 168 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 153 പ്രോജക്ടുകളിൽ 115 എണ്ണം തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 23579 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 615കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, തൊഴുത്തുനിർമ്മാണം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്ലാശനാൽ ശാഖയിലെ 67060035865 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| **ഇനങ്ങൾ** | **തുക** | **ആകെ തുക** |
|---|---|---|
| **മുന്നിരിപ്പ്** | **1714** | |
| **വരവ്** | | |
| ഇ.എഫ്.എം.എസ് വരവ് | 7784481 | |
| ഭരണപരമായ ചെലവുകൾ | 566470 | |

| | | |
|---|---|---|
| ബാങ്ക് പലിശ | 1144 | |
| **ആകെ** | | **8353809** |
| **ചെലവ്** | | |
| ലേബർ ഇൻസെന്റീവ് | 6483239 | |
| മെറ്റീരിയൽ കോസ്റ്റ് | 1301242 | |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 52000 | |
| ശമ്പളം | 510789 | |
| മറ്റിനങ്ങൾ | 380 | |
| **ആകെ** | | **8347650** |
| **നീക്കിയിരിപ്പ്** | 6159 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 29 | 17160 |
| കർഷകതൊഴിലാളി പെൻഷൻ | 163 | 1891700 |
| വിധവാപെൻഷൻ | 338 | 3998400 |
| വാർദ്ധക്യകാലപെൻഷൻ | 752 | 9810200 |
| വികലാംഗപെൻഷൻ | 143 | 1605000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 212100 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3 | 90000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

**തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 17237രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പൂർണ്ണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ISO certification) തൊണ്ണൂറുശതമാനവും പൂർത്തീകരിച്ചു. എങ്കിലും രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1.ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു

2.വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ, മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

3.കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

4. വരവു ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.

5.വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

6.വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും

കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സേഷ്യൽഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് 28.02.2016 ലെ എക്സിറ്റ് മീറ്റിംഗിൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.03.2018 | 2/2018 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2006 | Up to 2015-16 | LBA(HQ)II/8A-2037/32 dt.4.02.14 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എംഎസ്)152/11-ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവിനങ്ങളിൽ വ്യാപാരികളുടെ തൊഴിൽനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. പഞ്ചായത്ത് നൽകിയതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| 77728/14.12.17 | 4400 |
| 78784/10.02.16 | 650 |
| 78674/14.09.15 | 1000 |

6. ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല. ബാങ്കിൽ നിന്നു ലഭിച്ച confirmation certificate മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

7. ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് പൊതുശൗചാലയ നിർമ്മാണത്തിന് (പ്രോജക്ട് നം.145/18) പാർട്ട്ബിൽ നൽകിയ 1,04,397/- രൂപ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ Capital work in progress-ൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ബാലൻസ് ഷീറ്റിൽ 'State Govt.cesses/levies in property tax' (library cess) എന്ന ഇനത്തിലുള്ള തുക വസ്തുനികുതി കുടിശിക തുകയുടെ 5% അല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

9. നിക്ഷേപപ്രവൃത്തിയ്ക്കായി ചെലവഴിച്ച 49350 രൂപയുടെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവ്യ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയായ 4197 കെട്ടിടങ്ങളുടെയും ഫോറം 6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ തിരുത്തൽ വരുത്തുകയോ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രോസസ് (ഡെമോളിഷ്, എക്സെംപ്ഷൻ, വേക്കൻസി റെമിഷൻ മുതലായവ) പരിഹരിച്ച് ഡേറ്റാ കൃത്യമാക്കുന്നതിനുവേണ്ടിയുള്ള ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളും പൂർത്തിയായിട്ടുണ്ട്. ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വസ്തുനികുതി കുടിശ്ശികയുൾപ്പെടെ 31.03.2018 പ്രാബല്യത്തിൽ 85 ശതമാനം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. വസ്തുനികുതിയിനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

### 2-2-1 ഡി.ആന്റ് ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി&ഒ ട്രേഡ് ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ രേഖപ്പെടുത്തുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ഇപ്രകാരം ലൈസൻസിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സിജ്ജു ഫിലിപ് | റോയൽ ഡിസൈനർ ടൈൽസ് | 6 |
| 2 | പി.എം.മാത്യൂ | പാറയിൽഎക്സ്പോർട്ട്സ് | 47 |
| 3 | ബിനോയി ജോസഫ് | കല്ലുകലക്കൽ ഫ്യുവൽസ് | 5 |
| 4 | ജോർജ് ജേക്കബ് | പുരയ്ക്കൽ ഹോണ്ട | 9 |
| 5 | അലക്സ് ജോർജ് | കോടി ഹെൽത്ത്കെയർ പ്രൈ.ലിമിറ്റഡ് | 1 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുള്ളവരുടെ ശമ്പളവരുമാനം നിശ്ചിത പരിധിക്ക് മുകളിലാണെങ്കിൽ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന രേഖകളുടെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച ജീവനക്കാരിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2017-18 വർഷം ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| മേലാമ്പ്ര പോസ്റ്റ് ഓഫീസ് | ഒന്നാം അർദ്ധവർഷം അടച്ചിട്ടില്ല |
| കെ.കെ ഫ്ലവർ മിൽസ് | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല |
| മേലാമ്പ്ര എസ്.സി.ബി (3 ബ്രാഞ്ചുകൾ) | മൂന്ന് ബ്രാഞ്ചുകളിലെയും ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയ വിവരങ്ങൾ വ്യക്തമല്ല |
| സ്വാമിവിവേകാനന്ദ വിദ്യാലയം പനക്കപ്പാലം | രണ്ട് അർദ്ധവർഷവും അടച്ചിട്ടില്ല |
| മാവേലി സ്റ്റോർ-പനക്കപ്പാലം | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.

തലപ്പലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഡി ആന്റ് ഒ, തൊഴിൽ നികുതി എന്നിവ 2017-18 വർഷം ഈടാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിന്റെ പരിധിയിൽ എത്ര റേഷനിംഗ് സ്ഥാപനങ്ങളും കള്ളു ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച വിവരം ട്രേഡേഴ്സ് ലിസ്റ്റിലില്ല. സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ സ്ഥാപനങ്ങളെ പഞ്ചായത്ത് ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ 289 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 241 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്. മേൽ പരാമർശിച്ചിട്ടുള്ള

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ഡി.ആന്റ് ഒ ലൈസൻസ് എന്നിവ അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടങ്ങളുടെ ക്രമവത്കരണം

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിൽ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്രമവൽക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| കമലാഭായി, കേളാനിക്കൽ | 192.87 | വാസഗൃഹം | 1734 | 1158 | 576 |
| കെ റ്റി മൈക്കിൾ, കോന്നൂർ | 217.39 | വാണിജ്യം | 3261 | 2018 | 1243 |
| തോമസ് ജോസഫ്, കളപ്പുരക്കാപ്പറമ്പിൽ | 138.47 | വാസഗൃഹം | 1246 | 830 | 416 |
| അബ്ദുൾ ജബ്ബാർ, കണ്ടത്തിൽ | 196.80 | വാണിജ്യം | 2952 | 1968 | 984 |
| ബിജോ മാത്യു, ബൈജു മാത്യു, താന്നിക്കുന്നേൽ | 247.47 | വാസഗൃഹം | 2227 | 1485 | 742 |
| ലിസ്സിയമ്മ ജോസഫ് | 106.59 | സ്പെഷ്യൽ റസിഡൻഷ്യൽ | 1599 | 640 | 959 |

പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി-2/15 നമ്പർ കത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-5 ഇ-ടെൻഡർ- ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം തലപ്പലം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | അടങ്കൽ തുക | ലഭിക്കേണ്ട തുക (cost of tender form + GST) |
|---|---|---|---|
| വനിത വിപണനകേന്ദ്രം 80/17-18 | 2 | 538543 | 1200+1200+ GST (18%) =2832 |
| പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ | 4 | 681917 | 1500+1500+1500+1500+GST (18%) =7080 |
| ആകെ | | | 9912 |

ഇ-ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലോഗ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിൽ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്തത് ഗുരുതരമായ കൃത്യവിലോപമാണ്. കൂടാതെ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ജനറേറ്ററിന്റെ ലോഗ്ബുക്കിലും ഇന്ധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാഹനത്തിലും ജനറേറ്ററിലും നിറയ്ക്കുന്ന ഇന്ധനത്തിന്റെ അളവും അവയുടെ ഉപയോഗം സംബന്ധിച്ച കണക്കുകളും ലോഗ്ബുക്കിൽ നിശ്ചിത കോളങ്ങളിൽ എഴുതുകയും വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരം രേഖപ്പെടുത്തലുകൾ ഉണ്ടാകാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാഹനത്തിന്റെ ഇന്ധനക്ഷമത, ഓരോ തവണയും നിറക്കുന്ന ഇന്ധനത്തിന്റെ അളവ്, ഇന്ധനം നിറച്ചതിന്റെ ബില്ലുകൾ എന്നിവയെല്ലാം ലോഗ്ബുക്കിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ. 30.06.2007 പ്രകാരം വാഹനത്തിന്റെ ശരിയായ ഉപയോഗം സംരക്ഷണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. ലോഗ് ബുക്ക്, ഡീസൽ, ഗ്യാസ്, ഓയിൽ എന്നിവയുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം സംബന്ധിച്ച ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരം രേഖകളോ രജിസ്റ്ററുകളോ സൂക്ഷിക്കുന്നതായി കാണുന്നില്ല. സർക്കുലർ നം.41/2008 ധന.02/08/2008 പ്രകാരം യാത്ര തുടങ്ങുന്നതിന് മുമ്പ് ലോഗ്ബുക്കിൽ യാത്രയെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ച ഉടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2017-18 വർഷം പല യാത്രകളിലും യാത്രയെ സാധൂകരിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിക്കാണുന്നില്ല. ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. കൂടാതെ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും സംക്ഷിപ്ത കുറിപ്പ് ലോഗ്

ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണെന്നും അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് മേൽ സർക്കുലർ നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും പാലിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകൾ കണക്ഷൻ വിഛേദിയ്ക്കുന്നത് -തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

തലപ്പലം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന 10സോഡിയം വേപ്പർ ലാമ്പുകൾ പ്രവർത്തനരഹിതമായിട്ട് കുറച്ചുനാളായെന്നും ഇപ്പോൾ അവയ്ക്ക് കറന്റ് ചാർജ്ജൊടുക്കുന്നത് അനാവശ്യമാണെന്നും അവയുടെ കണക്ഷൻ വിഛേദിക്കേണ്ടതാണെന്നും അവയ്ക്കുപകരം എൽ.ഇ.ഡി.ലാമ്പുകൾ സ്ഥാപിയ്ക്കണമെന്നും കമ്മറ്റി തീരുമാനമുണ്ട്. (കമ്മിറ്റി തീരുമാനം തീയതി/ നമ്പർ-14.08.2017/23)-ാം നമ്പർ അജണ്ട). പ്രസ്തുത തീരുമാനവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൺസ്യൂമർ നമ്പർ 11283 മുതൽ 11292 വരെ കണക്ഷൻ വിഛേദിക്കുന്നതിനായിരുന്നു തീരുമാനം. ഏത് കാലയളവുമുതലാണ് മേൽസൂചിത കൺസ്യൂമർ നമ്പറിലെ 10 സോഡിയം വേപ്പർ ലാമ്പുകൾ പ്രവർത്തനരഹിതമായതെന്ന് വ്യക്തമാക്കിയിട്ടില്ല. ടി കാലയളവിൽ പ്രസ്തുത കൺസ്യൂമർ നമ്പറുകളിൽ കറന്റ് ചാർജ്ജ് അടവാക്കിയിട്ടുള്ളതായി കാണുന്നു. മേൽ സൂചിത കമ്മിറ്റി തീരുമാനവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(3/22.2.19) തുടർവർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കി എൽ.ഇ.ഡി.ലാമ്പുകൾ സ്ഥാപിയ്ക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ അപാകതകൾ

2017-18 സാമ്പത്തിക വർഷം നടപ്പാക്കിയ പാലിയേറ്റീവ് പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ രേഖകളും വൗച്ചറുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ ഉ(സാധാ) നം 3217/15 തീയതി 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ

നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനം ആയിരിക്കണം വാടകക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കും. കാലാവധി അവസാനിക്കും മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി.യുടെ (പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി) അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.സ ഉ(സാധാ) നം. 3217/15 തീയതി 29.10.15 ഖണ്ഡിക 2.6.5(3) പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി താഴെ കൊടുക്കുന്ന പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം വാടകക്ക് എടുക്കാവുന്നതാണ്.

| ഓടുന്ന ദൂരം (up and down) | 15-24 കി.മീ. | 25-34 കി.മീ. | 35-44 കി.മീ. | 45 കി.മീറ്ററിൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

എന്നാൽ തലപ്പലം പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ചെലവ് വൗച്ചറുകളും പരിശോധിച്ചതിൽ യഥാർത്ഥ ദൂരം കണക്കാക്കാതെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം സഞ്ചരിക്കുന്ന എല്ലാ ദിവസവും 1000 രൂപ വീതം വാഹന വാടകയിനത്തിൽ ശ്രീ.ജയ്സൺ ജോസഫ്, പിണക്കാട്ട് എന്നയാളുടെ അക്കൗണ്ടിലേക്ക് (നം.0070480, എസ്.ബി.ഐ) നൽകുകയാണ് ചെയ്തു വരുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ബില്ലിന്റെ വിശദാംശങ്ങൾ | വാഹന വാടക (1000 രൂപ/ദിവസം) |
|---|---|---|
| 1 | ബിൽ നം.01/17-18 തീയതി-9.08.17, തുക-76525 രൂപ | 22000 (22x1000) |
| 2 | ബിൽ നം.02/17-18 തീയതി-15.09.17, തുക-20060 രൂപ | 8000(8x1000) |
| 3 | ബിൽ നം.04/17-18 തീയതി-26.1017 തുക-36242രൂപ | 9000(9x1000) |
| 4 | ബിൽ നം.05/17-18 | 12000(12x1000) |

| | | |
|---|---|---|
| | തീയതി-24.11.17, തുക-46766രൂപ | |
| 5 | ബിൽ നം.06/17-18 തീയതി-22.12.17, തുക-58870 രൂപ | 15000(15x1000) |
| 6 | ബിൽ നം.8/17-18 തീയതി-27.01.18, തുക-57417 രൂപ | 13000(13x1000) |

ഓരോ ദിവസവും വാഹനം സഞ്ചരിക്കുന്നതിന്റെ ട്രിപ്പ് ഷീറ്റ് സൂക്ഷിക്കേണ്ടതും ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹനം വാടകക്ക് എടുക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 പനയ്ക്കപ്പാലം എസ്.സി വനിതാ ഉത്പന്ന വിപണനകേന്ദ്രം പണി പൂർത്തീകരിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി-വിഭാഗ വനിതകൾക്കായി വിഭാവനം ചെയ്ത പനയ്ക്കപ്പാലം വനിതാ ഉത്പന്ന വിപണനകേന്ദ്രത്തിന്റെ നിർമ്മാണം 2015-16 ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ പ്രോജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. 2012-13 -ൽ ആരംഭിച്ച ഈ ബഹുവർഷ പ്രോജക്ടിനായി 2014-15 സാമ്പത്തിക വർഷം വരെ 48,74,081/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16-ലും 193443/- രൂപ (പ്രോജക്റ്റ് നമ്പർ 64/15) ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വൈദ്യുതീകരണത്തിനായി 100072രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം.100/18). ആകെ 5167596/- രൂപ ചെലവഴിച്ചെങ്കിലും കെട്ടിടം ഉപയോഗക്ഷമമാക്കാനുള്ള നടപടികളൊന്നും നാളിതുവരെ അധികൃതർ കൈക്കൊണ്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വാണിജ്യപ്രാധാന്യമുള്ളതും ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേയിൽ വൻതുക സർക്കാർ ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ചതുമായ ഈ കെട്ടിടം ഉപയോഗശൂന്യമായി അവശേഷിക്കുന്നത് ഗുരുതരമായ അപാകതയാണ്. കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടം പണിത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തോട്ടുപുറമ്പോക്കാണ് എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിന്നും ഉറപ്പാക്കിയിട്ടില്ല. സ്ഥലത്തിന്റെ

ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിന്നും സ്ഥാപിച്ചെടുക്കേണ്ടതും കെട്ടിടം പണി പൂർത്തിയാക്കി വിപണന കേന്ദ്രം പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-5 പൊളിച്ചു മാറ്റിയ സാധനങ്ങൾ- ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

എൽ.എസ്.ജി.ഡി അസി.എൻജിനീയറുടെ 28.04.2017 ലെ കത്ത് പ്രകാരം 2016-17ലെ പ്രോജക്ട് നം 72/17 മേലമ്പാറ വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് നടത്തിക്കഴിഞ്ഞപ്പോൾ പൊളിച്ചുമാറ്റിയ മൂന്ന് ആസ്ബറ്റോസ് ഷീറ്റുകൾ ലേലം ചെയ്ത് വിൽക്കേണ്ടതാണെന്നും ആയതിന് 584രൂപ വിലയും നിശ്ചയിച്ചു നൽകിയിരുന്നു. പ്രോജക്ട് നമ്പർ 73/17പനയ്ക്കപ്പാലം (എസ്.സി. വനിത) ഉത്പന്ന വിപണനകേന്ദ്രം മെയിന്റനൻസ് എന്ന പ്രോജക്ടിന്റെ പണികൾ പൂർത്തീകരിച്ചു. അഴിച്ചുമാറ്റിയതും പുനർ ഉപയോഗയോഗ്യവുമായ 2ഗ്രിൽ (വാല്യൂവേഷൻ തുക 4786.80) ലേലം ചെയ്ത് വിൽക്കുന്നതിന് 15.05.2017ലെ 25-ാം നമ്പർ കമ്മറ്റി തീരുമാനമുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(8/26.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മറ്റി തീരുമാനത്തിന്റെ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 പ്ലാശനാൽ ഗവ.എൽ പി സ്കൂളിന് കുടിവെള്ളം ലഭ്യമാക്കൽ--പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 86/18 |
| പ്രോജക്ട് | പ്ലാശനാൽ ഗവ. എൽ.പി. സ്കൂളിന് കുടിവെള്ളം ലഭ്യമാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.സജി.എം.എം |
| അടങ്കൽ | 269001/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 269001/- ബിൽനം 90/ 26.03.18 |
| അളവുപുസ്തകം | എം.ബുക്ക് നം. 28/17-18 |
| കരാർ നം./തീ | 28/AE/LSGD//17-18 17.11.17 |

മേൽ പരാമർശിത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്ലാശനാൽ ഗവ. എൽ പി സ്കൂളിന് കുടിവെള്ളം ലഭ്യമാക്കൽ (പ്രോജക്ട് നം.86/17-18) എന്ന പ്രോജക്ടിന്റെ ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സജി.എം.എം എന്നയാളുടെ ടെൻഡറാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്. കുടിവെള്ളടാങ്ക്, സ്രോതസിൽ നിന്നും കുടിവെള്ളം എത്തിയ്ക്കുന്നതിനുള്ള പൈപ്പ് ലൈൻ, വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ എന്നിവ ഉൾപ്പെടുത്തി 4,00,000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ തുടർന്ന് ടാങ്ക് നിർമ്മിയ്ക്കാനുദ്ദേശിച്ച സ്ഥലത്ത് പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിച്ചു എന്ന കാരണത്താൽ കുടിവെള്ളടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് എസ്റ്റിമേറ്റ് പരിഷ്കരിച്ചു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ പൈപ്പ് ലൈൻ, മോട്ടോർ എന്നിവ ഒഴിവാക്കി ടാങ്കിനുള്ള പ്രവൃത്തി മാത്രം ഉൾപ്പെടുത്തുകയാണുണ്ടായത്. 27.02.2019-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ടാങ്ക് മാത്രം നിർമ്മിച്ച അവസ്ഥയിലും കുടിവെള്ളത്തിന് നിലവിൽ സ്രോതസ്സ് ഇല്ലായെന്നും ബോധ്യപ്പെട്ടു. ജലലഭ്യത ഉറപ്പാക്കിയതിന് ശേഷം മാത്രമായിരുന്നു കുടിവെള്ള ടാങ്ക് നിർമ്മിക്കേണ്ടിയിരുന്നത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.02.2019) പഞ്ചായത്ത് പൊതു കിണറിൽ നിന്നും വെള്ളം ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ പൊതുകിണറിൽ നിന്നും ടാങ്കിലേക്ക് പൈപ്പ് ലൈൻ നിർമ്മിക്കേണ്ടത് സ്വകാര്യ വ്യക്തികളുടെ വസ്തുവിലൂടെ ആകയാൽ പരാതികൾ വന്നുവെന്നും ആയതിനാലാണ് പൈപ്പ് ലൈൻ നിർമ്മിക്കുന്നത് ഉപേക്ഷിച്ചതെന്നും തുടർന്ന് കൂടുതൽ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കുകയായിരുന്നുവെന്നും അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. സ്കൂളിനടുത്തുള്ള ചാമക്കുന്ന് കുടിവെള്ള പദ്ധതി, സ്കൂൾ കോമ്പൗണ്ടിലെ കിണർ എന്നിവിടങ്ങളിൽ നിന്നും വെള്ളം ടാങ്കിലേക്ക് നിറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി അടുത്ത വർഷം പ്രോജക്ട് ആവിഷ്കരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിക്കുമെന്നും മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. ടാങ്ക് നിർമ്മാണത്തിനും അതുവഴി പ്രോജക്ട് ലക്ഷ്യം

പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.




കുടിവെള്ള സംഭരണത്തിനായി നിർമ്മിച്ച ടാങ്ക് സ്രോതസ്സ് കണ്ടെത്താനാകാതെ ഉപയോഗശൂന്യമായ നിലയിൽ

ടാങ്ക് നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 269001/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 139/18 |
| അടങ്കൽ | 300000<br>(പദ്ധതിവിഹിതം)<br>5,00,000(എൻ.ആർ.ഇ.ജി.എ)<br>2,00,000(ഐ.സി.ഡി.എസ് -ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നമ്പർ | 17090252061200832164/26.12.2017 |

ഗ്രാമപഞ്ചായത്തിലെ നരിങ്ങാനത്തുള്ള അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ (ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരിച്ചത്. ആയതിലേക്കായി സാമൂഹ്യക്ഷേമവകുപ്പ് വിഹിതമായി 2,00,000 രൂപയും എൻ.ആർ.ഇ.ജി.എ വിഹിതമായി 5,00,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 3,00,000 രൂപയും വകയിരുത്തി. അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ, തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാങ്കേതികാനുമതി നൽകിയതിന്റെയും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് വിഹിതമായ 3,00,000 രൂപ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 26.12.2017-ൽ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 300000 രൂപയുടെ (പദ്ധതിവിഹിതം)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പദ്ധതി അവലോകനം

ആശ്രയ പദ്ധതി ഒന്നാം ഘട്ടം (2005-08) പദ്ധതിയിൽ 44 ഗുണഭോക്താക്കളും രണ്ടാം ഘട്ടം (2013-16) പദ്ധതിയിൽ 88 ഗുണഭോക്താക്കളും ഉണ്ടായിരുന്നു. ഇവയുടെ 31.03.2018 വരെയുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു

ഒന്നാം ഘട്ടം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട് | 790000 | 790000 | 0 |
| ചലഞ്ച് ഫണ്ട് | 900750 | 448312 | 452438 |
| മറ്റിനം | 475685 | 15390 | 460295 |
| ആകെ | 2166435 | 1253702 | 912733 |

രണ്ടാം ഘട്ടം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 1593000 | 1429588 | 163412 |
| പലിശ | 175459 | | 175459 |
| ആകെ | 1768459 | 1429588 | 338871 |

ഒന്നും, രണ്ടും ഘട്ടങ്ങൾ പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

ഒന്നാം ഘട്ടം

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണ ഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമാക്കുവാൻ അവശേഷിയ്ക്കുന്നവരുടെ എണ്ണം |
|---|---|---|---|
| വീട് വയ്ക്കുവാൻ സ്ഥലം | 06 | 03 | 03 |
| ഭവനനിർമ്മാണം | 17 | 05 | 12 |
| വീട് റിപ്പയറിംഗ് | 17 | 17 | 0 |
| കക്കൂസ് | 04 | 0 | 04 |
| കുടിവെള്ളം | 04 | 01 | 03 |
| വൈദ്യുതി | 04 | 01 | 03 |
| ഭക്ഷണം | 116 | 116 | 0 |
| ചികിത്സ | 40 | 0 | 40 |
| ചെലവിനായി | 03 | 0 | 03 |
| ഗൃഹോപകരണങ്ങൾ | 11 | 0 | 11 |
| വിവാഹ ധനസഹായം | 03 | 0 | 03 |
| സ്വയം തൊഴിൽ | 22 | 03 | 19 |
| സോളാർ ലാമ്പ് | 21 | 21 | 0 |
| വിദ്യാഭ്യാസം | 31 | 0 | 31 |
| ഫോറൻസിക് ടാങ്ക് | 17 | 0 | 17 |
| വസ്ത്രം | 25 | 0 | 25 |

രണ്ടാം ഘട്ടം

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനങ്ങൾ ലഭ്യമാക്കുവാൻ അവശേഷിയ്ക്കുന്നവരുടെ എണ്ണം |
|---|---|---|---|
| വീട് വയ്ക്കുവാൻ സ്ഥലം | 11 | 0 | 11 |
| ഭവനനിർമ്മാണം | 15 | 0 | 15 |
| വീട് റിപ്പയറിംഗ് | 40 | 0 | 40 |
| കക്കൂസ് | 05 | 0 | 05 |
| കുടിവെള്ളം | 21 | 0 | 21 |
| വൈദ്യുതി | 0 | 0 | 0 |
| ഭക്ഷണം | 206 | 206 | 0 |
| കുടുംബം | 88 | 0 | 88 |
| ചികിത്സ | 52 | 0 | 52 |
| വിവാഹ ധനസഹായം | 22 | 0 | 22 |
| പെൻഷൻ | 05 | 0 | 05 |
| വിദ്യാഭ്യാസം | 47 | 18 | 29 |
| സോളാർ ലാമ്പ് | 88 | 0 | 88 |

നിലവിൽ രണ്ടു ഘട്ടങ്ങിലെയും ഗുണഭോക്താക്കളേയും, ഫീൽഡുതല പരിശോധന നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളെയും ഉൾപ്പെടെ ആകെ 102 പേരെ ഉൾപ്പെടുത്തി അഗതിരഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ ചെയർപെഴ്സൺ മറുപടി നൽകി. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗരേഖ സ.ഉ (എം.എസ്) നം.252/2017/തസ്വ.ഭ.വ, 12.12.2017ന്റെ ഖണ്ഡിക 3.4 ലെ നിർദ്ദേശപ്രകാരം ഈ പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്ക് പ്ലാശനാൽ ശാഖയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

(നം.40744101008522) ആശ്രയ പദ്ധതിയുടെ നീക്കിയിരിപ്പുണ്ടായിരുന്ന എസ് സി എ ഫണ്ട് ഒഴികെയുള്ള തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 24.08.2017 | 500000 | പാലിന് സബ്സിഡി | 500000 | - |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 16.10.2017 | 100000 | പാലിയേറ്റീവ് പരിചരണം | 100000 | -- |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 10.10.2017 | 100000 | സ്കോളർഷിപ്പ് | 100000 | - |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 30.10.2017 | 7988 | അംഗനവാടി പൂരകപോഷകാഹാര പരിപാടി | 7988 | - |
| ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്ത് | 31.03.18 | 366036 | അംഗനവാടി പൂരകപോഷകാഹാര പരിപാടി | 366036 | _ |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ | 28729 | 28729 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 54770 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1829 |
| ആകെ | 56599 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 56599 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ | 56599 |
| ആകെ | 56599 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത്/ തീയതി |
|---|---|---|---|---|---|
| 1 | 2016-17 ഓഡിറ്റ്- എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഈടാക്കിയത് | --- | 1500 | ലക്ഷ്മി ആർ, ക്ലർക്ക് | 117040100252/ 31.05.2017 |
| 2 | 2016-17 ഓഡിറ്റ്- എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഈടാക്കിയത് | --- | 718 | മുഹമ്മദ് ഷിഹാബ് കെ കെ | 117040100252 /31.05.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | (മുന്നിരിപ്പ് ഉൾപ്പെടെ) 39095903.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35183239 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 569001 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 269001 | ശ്രീ. ഹരിലാൽ, അസി. എഞ്ചിനീയർ |
| 3-7 | 300000 | ശ്രീ. സുരേഷ്ബാബു. പി. സെക്രട്ടറി |
| ആകെ | 569001 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ബാധകമല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98 തീ. 17.06.2000/04.07.2000 | - |
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 | 2 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 | - |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | 4 |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ)14(3), 07.08.15 | 2 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ)2014(4), 06.08.15 | 1 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 | 5 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 | 2 |
| 2009- | എൽ.എഫ്.കെ.പി.2-375/15, 06.07.15 | 2 |

| | | |
|---|---|---|
| 10 | | |
| 2010-11, 2011-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 | 7 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി.2-1824/2016, 10.01.2018 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.2-318/17, 25.3.2017 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി 23.2.2018 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം**

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.14-223/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 6.3.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18**-ലെ വാർഷിക

ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**